(ഡി) ചന്ദ്രമോഹൻ പോലീസ് സ്റ്റേഷനിൽ എത്തിയത് എപ്രകാര മാണ്;

(ഇ) പോലീസ് കസ്റ്റഡിയിൽ വച്ചുള്ള ഈ മരണത്തെപ്പറ്റി ചന്ദ്രമോ ഹനന്റെ ബന്ധുക്കളും രാഷ്ട്രീയകക്ഷികളും അന്വേഷണം ആവശ്യപ്പെട്ടിരു ന്നുവോ;

(എഫ്) ഇത് സംബന്ധിച്ച് എന്ത് അന്വേഷണമാണ് നടത്തിയത്;

(ജി) പോലീസ് കസ്റ്റഡിയിലുള്ള മരണത്തെപ്പറ്റി ക്രൈംബ്രാഞ്ച് അന്വേഷിക്കുക എന്നതാണോ ഈ ഗവണ്മെന്റിന്റെ സമീപനം എന്ന് വ്യക്തമാ ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൃതശരീരത്തിൽ മുറിവുണ്ടായിരുന്നു.

(സി)&(ഡി) ഇത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് പോലീസിന്റെ അന്വേ ഷണം നടന്നുവരുന്നതേയുള്ളൂ.

(ഇ) ആവശ്യപ്പെട്ടിരുന്നു.

(എഫ്) ക്രൈംബ്രാഞ്ച് പോലീസിന്റെ അന്വേഷണമാണ് നടന്നുവരു ന്നത്.

(ജി) കസ്റ്റഡിമരണം സംബന്ധിച്ച ആരോപണമുണ്ടായാൽ അതിന്റെ ഗൗരവവും പൊതുജന താൽപ്പര്യവും പരിഗണിച്ച് സത്യാവസ്ഥ വെളിച്ചത്തു കൊണ്ടുവരുവാനും കുറ്റക്കാരെ കണ്ടെത്തുവാനും അവരുടെ പേരിൽ മേൽനട പടികൾ സ്വീകരിക്കുവാനും പോലീസ് വകുപ്പിലെ പ്രത്യേക അന്വേഷണ വിഭാഗമായ ക്രൈംബ്രാഞ്ച് പോലീസിനെക്കൊണ്ട് അന്വേഷിക്കുന്നത് ഉചിത മായതിനാലാണ് അപ്രകാരം ചെയ്യുന്നത്.

52 (2237) ശ്രീമതി ജയമ്മയുടെ മരണം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മാനശ്ശേരിയിൽ ശ്രീ. ആന്റണിയുടെ ഭാര്യ ജയമ്മ 12.4.99-ന് പൊള്ളലേറ്റ് സംശയകരമായ സാഹചര്യത്തിൽ മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മരണത്തെപ്പറ്റി അന്വേഷിക്കണമെന്ന് നിവേദനം ലഭിച്ചി ട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം അന്വേഷണങ്ങൾ നടത്തി;

(ഡി) ലോക്കൽ പോലീസിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ട ത്തിലാണ്;

(ഇ) ഈ മരണം സംബന്ധിച്ച അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(എഫ്) അതനുസരിച്ച് ക്രൈംബ്രാഞ്ചിനെകൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി)&(ഡി) കേസ്സ് രജിസ്റ്റർ ചെയ്ത് ടി യാളുടെ ബന്ധുക്കളെയും അയൽവാസികളെയും മറ്റും ചോദ്യംചെയ്തും മരണം നടന്ന സാഹചര്യത്തെപ്പറ്റി അന്വേഷിച്ചും തിരുവനന്തപുരം ഫോറൻസിക് ലബോറട്ടറിയിൽ നിന്നും സൈന്റിഫിക് അസിസ്റ്റന്റിനെ വരുത്തി മെറ്റീരിയൽ ഓബ്ജറ്റുകൾ ശേഖരിച്ചും മറ്റും അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

(ഇ)&(എഫ്) ഉണ്ട്; ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയിൽ ഒരു ഒ.പി. ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ നിർദ്ദേശങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

53 (2238) പെരിങ്ങോം വയക്കര വിശ്വനാഥന്റെ ദുരൂഹ മരണം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1996-ലെ തെരഞ്ഞെടുപ്പ് ദിവസം ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര പഞ്ചായത്തിലെ വിശ്വനാഥന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

വിശ്വനാഥന്റെ മരണം സംബന്ധിച്ച് ക്രൈം 236/സി. ആർ/96 സെക്ഷൻ 304 (എ) 202 ഐ.പി.സി. ആന്റ് 34 (എ) (ബി)ഓഫ് എം.വി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി പ്രതികൾക്കെതിരെ പയ്യന്നൂർ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ 26-6-97-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

54 (2239) ജീപ്പിടിച്ച് കുട്ടി മരിച്ച സംഭവം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13.2.99-ൽ എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ കെ.എൽ.7 വി. 8633 നമ്പർ ജീപ്പിടിച്ച് മൂന്നുവയസ്സുള്ള കുട്ടി മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പേരിൽ വാഹനം ഓടിച്ചിരുന്ന ഡ്രൈവറുടെ പേരിൽ ഏതു വകുപ്പനുസരിച്ചാണ് കേസ്സെടുത്തിരിക്കുന്നത്;

(സി) ഈ ഡ്രൈവർക്ക് ഡ്രൈവിംഗ് ലൈസൻസ് ഇല്ലായിരുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഡ്രൈവറെ നിയമിച്ച ഗ്രാമപഞ്ചായത്തധികൃതർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) മരിച്ച കുട്ടിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly